**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5853** **08-07-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ ബഡ്സ് സ്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ എത്ര ബഡ്സ് സ്കൂളുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; ഇവിടെ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ആലപ്പുഴ മണ്ഡലത്തിൽ മൂന്ന് ബഡ്സ് സ്കൂളുകളാണ് നിലവിലുള്ളത്. മണ്ണഞ്ചേരി, മാരാരിക്കുളം നോർത്ത്, മാരാരിക്കുളം സൗത്ത് എന്നീ പഞ്ചായത്തുകളിലാണ് മൂന്ന് ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നത്.<br>• മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ബഡ്സ് സ്കൂൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വാഹനമാണ് ഉപയോഗിക്കുന്നത്. ബഡ്സ് സ്കൂളിൽ 19 കുട്ടികളും 1 അദ്ധ്യാപകനും, 2 ഹെൽപ്പറും 1 ഡ്രൈവറും സേവനമനുഷ്ഠിക്കുന്നു. ടോയ് ലറ്റും ബഞ്ചും ഡസ്കും ഉണ്ട്. പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഭക്ഷ്യധാന്യങ്ങളുടെ കിറ്റ് നൽകുന്നുണ്ട്.<br>• മാരാരിക്കുളം നോർത്ത് ഗ്രാമ പഞ്ചായത്തിലെ ബഡ്സ് സ്കൂൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വാഹനമാണ് ഉപയോഗിക്കുന്നത്. ബഡ്സ് സ്കൂളിൽ 44 കുട്ടികളും 4 അദ്ധ്യാപകരും ഉണ്ട്. ടോയ് ലറ്റും ബഞ്ചും ഡസ്കും ഉണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ നൂൺ മീൽസ് ഫണ്ട് ഉപയോഗിച്ച് ഭക്ഷണം നൽകുന്നുണ്ട്.<br>• മാരാരിക്കുളം സൗത്ത് ഗ്രാമ പഞ്ചായത്തിലെ ബഡ്സ് സ്കൂൾ സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച വാഹനമാണ് ഉപയോഗിക്കുന്നത്. ബഡ്സ് സ്കൂളിൽ 38 കുട്ടികളും 4 അദ്ധ്യാപകരും ഉണ്ട്. ടോയ് ലറ്റും ബഞ്ചും ഡസ്കും ഉണ്ട്. വീൽചെയർ ഉണ്ട്. ജനകീയാസൂത്രണ പദ്ധതി വിഹിതം ഉപയോഗിച്ച് ഭക്ഷണം നൽകുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | അദ്ധ്യാപകരുടെ വേതനം അടക്കമുള്ള നിയമാനുസൃതമുള്ള ആനുകൂല്യങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളും നൽകിവരുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി ബഡ്സ് സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ഉണ്ട്. ആലപ്പുഴ നഗരസഭയിൽ ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകിരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ